# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5652** **24-03-2025 - ൽ മറുപടിയ്ക്ക്**

## വിശപ്പ് രഹിത കേരളം, സുഭിക്ഷ, സ്നേഹജാലകം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അശരണരായ കിടപ്പ് രോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും എറെ പ്രയോജനകരമായ 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് വിശപ്പുരഹിത കേരളം പദ്ധതി ആരംഭിച്ചത്. ആലപ്പുഴ ജില്ലയിൽ വിശപ്പ രഹിത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മുൻസിപ്പാലിറ്റിയിലുള്ള അശരണരായ കിടപ്പ രോഗികൾക്ക് ആഹാരം വീടുകളിൽ എത്തിച്ചു നൽകുന്ന പദ്ധതി ആരംഭിച്ചു. വിശപ്പ രഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും ലഭ്യതയ്ക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ അരി (നിലവിൽ കിലോഗ്രാമിന് 10.90/- രൂപയ്ക്ക്) അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷാ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ്സിഡി തുക, വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക എന്നിവ സമയബന്ധിതമായി, ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് അനുവദിച്ചു നൽകുന്നു. സംസ്ഥാനത്ത് 54 നിയോജകമണ്ഡലങ്ങളിൽ സുഭിക്ഷ ഹോട്ടൽ ആരംഭിച്ചതിൽ 47 എണ്ണം നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനായി ജില്ലകളിൽ നിന്നും ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് എറെ പ്രയോജനകരമായ 'സുഭിക്ഷ', 'സ്നേഹജാലകം' എന്നീ പദ്ധതികൾ തുടർന്നും നടത്തിക്കൊണ്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | "വിശപ്പുരഹിത കേരളം പദ്ധതി" എന്ന പേരിൽ ആരംഭിച്ച പദ്ധതിയായ "സുഭിക്ഷ", ആലപ്പുഴ മുൻസിപ്പാലിറ്റി പരിധിയിൽ അശരണരായ കിടപ്പ രോഗികൾക്ക് ആഹാരം വീടുകളിൽ എത്തിച്ചു നൽകുന്നതിനായി ആരംഭിച്ച പദ്ധതിയായ "സ്നേഹജാലകം" എന്നിവയുടെ സുഗമമായ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവർത്തന ചെലവുകളായ സബ്സിഡി തുക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക തുടങ്ങിയവ തൊട്ടടുത്ത മാസം തന്നെ ബില്ലുകൾ സമർപ്പിക്കുന്ന പക്ഷം അനുവദിച്ചു വരികയും എല്ലാ മാസവും സുഭിക്ഷ ഹോട്ടലുകൾക്ക് 10.90/- രൂപ നിരക്കിൽ 600 Kg അരി നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ